# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.3337 — 11/05/2017-ൽ മറുപടിക്ക്

## വൈദ്യുത മേഖലയിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന ഈ വർഷത്തെ പദ്ധതികൾ

| | ചോദ്യം<br>ശ്രീ.വി.ടി.ബൽറാം<br>,, ഷാഫി പറമ്പിൽ<br>,, കെ.എസ്.ശബരീനാഥൻ<br>,, അനൂപ് ജേക്കബ് | | ഉത്തരം<br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ മന്ത്രി) |
|---|---|---|---|
| (എ) | ഈ വർഷം വൈദ്യുതമേഖലയിൽ ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കാനുദ്ദേശിക്കുന്നതെന്ന് വിശദീകരിക്കുമോ; | (എ)<br>&<br>(ബി) | 2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക പദ്ധതിയിൽ വിതരണ മേഖലയിൽ 750 കോടി രൂപയുടെ പ്രവർത്തികൾക്ക് കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ് അംഗീകാരം നൽകിയിട്ടുണ്ട്. ഈ വാർഷിക പദ്ധതി പ്രകാരം 3,08,977 പുതിയ വൈദ്യുതി കണക്ഷനുകൾ നൽകാനും 2725 കിലോമീറ്റർ 11 കെ.വി ലൈൻ, 2954 കിലോമീറ്റർ എൽ.റ്റി ലൈൻ എന്നിവ നിർമ്മിക്കുവാനും 2508 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുവാനും 1754 കിലോമീറ്റർ സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ലൈൻ ആക്കി മാറ്റുവാനും 1005 കിലോമീറ്റർ 11 കെ.വി ലൈനിന്റെയും 7519 കിലോമീറ്റർ എൽ.റ്റി ലൈനിന്റെയും ശേഷി വർദ്ധിപ്പിക്കാനും 14.01 ലക്ഷം കേടായ മീറ്ററുകൾ മാറ്റി സ്ഥാപിക്കുവാനുമാണ് ലക്ഷ്യമിട്ടിട്ടുള്ളത്.<br><br>വൈദ്യുത മേഖലയിൽ വിവര സാങ്കേതിക വിദ്യയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തിക്കൊണ്ട് ഈ വർഷം താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിനായി ഉദ്ദേശിക്കുന്നു.<br>1. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് പട്ടണങ്ങളിൽ സ്കാഡ കൺട്രോൾ സെന്റർ പൂർത്തീകരിച്ച് പ്രവർത്തനക്ഷമമാക്കാനുള്ള പദ്ധതി.<br>2.. ടൗണുകളിൽ ഫേസ്-2 ഐ.ടി പദ്ധതികൾ നടപ്പിൽ വരുത്തുന്ന പദ്ധതി.<br>3. എച്ച്.റ്റി/ഇ.എച്ച്.റ്റി ഉപഭോക്താക്കൾക്കായി ഓട്ടോമേറ്റഡ് മീറ്റർ റീഡിംഗ് (എ.എം.ആർ) സംവിധാനം |
| (ബി) | ഏതെല്ലാം മേഖലകളിലാണ് പദ്ധതി നടപ്പിലാക്കുന്നതെന്നും ഓരോ മേഖലയിൽ നിന്നും എത്ര മെഗാവാട്ട് വൈദ്യുതിയാണ് ഉല്പാദിപ്പിക്കാൻ ലക്ഷ്യമിട്ടിട്ടുള്ളതെന്നും വിവരിക്കുമോ; | | |

നടപ്പിലാക്കാനുള്ള പദ്ധതി.

4. എനർജി ഓഡിറ്റിംഗും ഔട്ടേജ് മോണിറ്ററിംഗും ലക്ഷ്യമാക്കി സംസ്ഥാന മൊട്ടാകെ എച്ച്.റ്റി ഫീഡറുകളിലും ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമറുകളിലും എ.എം.ആർ മീറ്ററുകൾ സ്ഥാപിക്കാനുള്ള പദ്ധതി.

5. എന്റർപ്രൈസസ് റിസോഴ്സ് പ്ലാനിംഗ് (ഇ.ആർ.പി) നടപ്പിൽ വരുത്തുന്ന പദ്ധതി.

6. നാഷണൽ ഇൻഫർമേഷൻ ഇൻഫ്രാ സ്ട്രക്ചർ (NII) ഭാഗമായി ഗവൺമെന്റ് ഓഫീസുകളെ ഒപ്റ്റിക്കൽ ഫൈബർ കേബിൾ വഴി ബന്ധിപ്പിക്കാനുള്ള പദ്ധതി.

7. വൈദ്യുതി ബിൽ അടയ്ക്കാനുള്ള സംവിധാനത്തോടെയുള്ള മൊബൈൽ ആപ്ലിക്കേഷൻ ഉപഭോക്താക്കൾക്കായി സമർപ്പിക്കുന്ന പദ്ധതി.

8. തിരഞ്ഞെടുത്ത ഉപഭോക്താക്കൾക്കായി സ്മാർട്ട് മീറ്റർ സംവിധാനം നടപ്പിലാക്കാനുള്ള പദ്ധതി.

9. സ്മാർട്ട് സിറ്റി പ്രദേശത്ത് സ്മാർട്ട് ഗ്രിഡ് സംവിധാനം നടപ്പിലാക്കാ നുള്ള പദ്ധതി.

കെ.എസ്.ഇ.ബി.എൽ നടപ്പിലാക്കി വരുന്ന നിർമ്മാണം നടന്നുകൊണ്ടിരി ക്കുന്നതും ടെണ്ടർ നടപടികൾ പുരോഗമിക്കുന്നതുമായ സൗരോർജ്ജത്തിൽ നിന്നും കാറ്റിൽ നിന്നുമുള്ള പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തി രിക്കുന്നു.

2017-18 വർഷം പ്രസരണ വിഭാഗത്തിനു കീഴിൽ വിവിധ വോൾട്ടതകളിലായി 35 സബ് സ്റ്റേഷനുകളും 368 കിലോ മീറ്റർ പ്രസരണ ലൈനുകളും നിർമ്മി ക്കാൻ പദ്ധതിയിട്ടിട്ടുണ്ട്. കൂടാതെ പ്രസരണ ശൃംഖല ശക്തിപ്പെടുത്തു ന്നതിനായി 2017-22 കാലയള വിലായി ട്രാൻസ് ഗ്രിഡ് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ഈ പദ്ധതിയിൽപെടുത്തി 2017-18 കാലളവിൽ രണ്ട് 220 കെ.വി സബ് സ്റ്റേഷനുകളും അനുബന്ധ ലൈനുകളും നിർമ്മിക്കുവാൻ ലക്ഷ്യമിട്ടിട്ടുണ്ട്. നിർമ്മാണം പുരോഗമിക്കുന്ന 6 മെഗാവാട്ട് പെരുന്തേനരുവി പദ്ധതിയും 3 മെഗാവാട്ടിന്റെ കക്കയം ജലവൈദ്യുത

പദ്ധതിയും ഈ വർഷം കമ്മീഷൻ ചെയ്യാൻ സാധിക്കും. ഇതുവഴി 9 മെഗാവാട്ടിന്റെ സ്ഥാപിത ശേഷി വർദ്ധനയുണ്ടാകും. കൂടാതെ താഴെപ്പറയുന്ന 37.5 മെഗാ വാട്ടിന്റെ പദ്ധതികളുടെ നിർമ്മാണ പ്രവർത്തനം ഈ വർഷം ആരംഭിക്കാൻ ലക്ഷ്യമിടുന്നു.

| | |
|---|---|
| 1. പെരുവണ്ണാമൂഴി | 6 MW |
| 2. പഴശ്ശിസാഗർ | 7.5 MW |
| 3. ചിന്നാർ | 24 MW |
| 4. വടക്കേപ്പുഴ എക്സ്റ്റൻഷൻ | -- |
| | 37.5 MW |

ഇതിനുപുറമേ താഴെ പറയുന്ന പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ ടെണ്ടർ ഈ വർഷം ക്ഷണിക്കാൻ ലക്ഷ്യമിടുന്നുണ്ട്.

| | |
|---|---|
| 1. അപ്പർ ചെങ്കുളം | 24 MW |
| 2. ലാഡ്രം | 3.5 MW |
| 3. ഒലിക്കൽ | 5 MW |
| 4. പൂവാരംതോട് | 3 MW |
| 5. മാർമ്മല | 7 MW |
| 6. പീച്ചാട് | 3 MW |
| 7. മാരിപ്പുഴ | 6 MW |
| 8. മാങ്കുളം | 40 MW |
| ആകെ | 91.5 MW |

200 മെഗാവാട്ട് സോളാർ പാർക്ക് പദ്ധതിയുടെ ആദ്യഘട്ടമായ 50 മെഗാവാട്ടിന്റെ നിർമ്മാണം അന്തിമ ഘട്ടത്തിലാണ്. എൻ.റ്റി.പി.സി യുടെ നിയന്ത്രണത്തിൽ കായംകുളത്ത് പ്രവർത്തിക്കുന്ന താപവൈദ്യുത നിലയത്തിന്റെ സമീപത്തായുള്ള ഭൂമിയിൽ 170 ഓളം മെഗാവാട്ട് സോളാർ പദ്ധതി വികസിപ്പിക്കുന്നതിനുള്ള സാധ്യതാ പഠനം നടത്താൻ എൻ.റ്റി.പി.സി യോട് കെ.എസ്.ഇ.ബി.എൽ ആവശ്യപ്പെട്ടിട്ടുണ്ട്. സർക്കാരിന്റെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ അവരുടെ സഹായത്തോട്ടു കൂടി റൂഫ് ടോപ്പ് സോളാർ പദ്ധതി കെ.എസ്.ഇ.ബി.എൽ - ന്റെ മേൽനോട്ടത്തിൽ നടപ്പിലാക്കാൻ നടപടി എടുത്തു വരുന്നു. ജില്ലാ പഞ്ചായത്തുകളുമായി ബന്ധപ്പെട്ടതിന്റെ അടിസ്ഥാ

| | | | |
|---|---|---|---|
| | | | നത്തിൽ 2016-17 സാമ്പത്തിക വർഷത്തിൽ വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തി<br>സർക്കാർ കെട്ടിടങ്ങളുടെ മേൽക്കൂരയിൽ ഏകദേശം 3560 കിലോ വാട്ട് ശേഷിയുള്ള 35 കോടി രൂപ മുതൽ മുടക്ക് പ്രതീക്ഷിക്കുന്ന സൗരോർജ്ജ നിലയം സ്ഥാപിക്കുന്ന തിനുള്ള സന്നദ്ധത അറിയിച്ചിട്ടുണ്ട്. കാസർഗോഡ് ജില്ലയിലെ ചീമേനിയിൽ 200 മെഗാവാട്ട് ശേഷിയുള്ള സോളാർ പാർക്കിന്റെ അനുമതിയ്ക്കായി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. സ്വകാര്യ വ്യക്തികൾ സ്ഥാപിക്കുന്ന മേൽക്കൂരയിലെ ' സൗരോർജ്ജ നിലയങ്ങൾക്ക് ആവശ്യമായ കണക്റ്റിവിറ്റി സമയബന്ധിതമായി നൽകി വരുന്നു.<br><br>കാറ്റിൽ നിന്നുള്ള വൈദ്യുതോല്പാദനത്തിനായി 1 മെഗാവാട്ട് ശേഷിയുള്ള മൈക്രോവിൻഡ് നിലയം പൂവാർ കടൽത്തീരത്ത് സ്ഥാപിക്കുന്നതിനുള്ള ദർഘാസ് നടപടികൾ പുരോഗമിക്കുന്നു. കൂടാതെ കഞ്ചിക്കോട് നിലവിലുള്ള 9 കാറ്റാടി യന്ത്രങ്ങളിൽ 5 എണ്ണം മാറ്റി പകരം ശേഷി കൂടിയ 5 യന്ത്രങ്ങൾ സ്ഥാപിക്കുന്നതിനും പുതുതായി 2.5 മെഗാവാട്ട് ശേഷിയുള്ള കാറ്റാടി യന്ത്രം സ്ഥാപിക്കുന്നതിനും ദർഘാസ് ക്ഷണിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.<br>വിതരണ മേഖലയിൽ കേന്ദ്ര പദ്ധതികളായ<br>(1) ഡി.ഡി.യു.ജി.ജെ.വൈ (ഗ്രാമപ്രദേശങ്ങളിൽ)<br>(2) ഐ.പി.ഡി.എസ് (നഗര പ്രദേശങ്ങളിൽ) നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.<br>(3) ഐ.പി.ഡി.എസ് പദ്ധതിയിൽ പെടുത്തി 5.48 മെഗാവാട്ടിന്റെ സോളാർ പദ്ധതികൾ വഴി വൈദ്യുതി ഉല്പാദിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു. |

എനർജി മാനേജ്മെന്റ് സെന്റർ മുഖേന പത്തനംതിട്ട ജില്ലയിലെ കാരിക്കയം ചെറുകിട ജലവൈദ്യുത പദ്ധതിയുടെ രണ്ടാംഘട്ടമായ 4.5 MW പണി പൂർത്തിയായി കമ്മീഷനിംഗ് ചെയ്യുവാൻ തയ്യാറായിരിക്കുന്നു.

കോഴിക്കോട് ജില്ലയിലെ 8MW ന്റെ ആനക്കാംപോയിൽ, 4.5MW ന്റെ അരിപ്പാറ ചെറുകിടജലവൈദ്യുത പദ്ധതികളുടെ നിർമ്മാണപ്രവർത്തനങ്ങൾ തുടങ്ങിക്കഴിഞ്ഞു. 25 പീക്കോ ജലവൈദ്യുത പദ്ധതികൾ കേന്ദ്ര ധനസഹായത്തോടെ ഈ വർഷം പൂർത്തിയാക്കും.

കൃത്രിമമായി ചുഴി സൃഷ്ടിച്ച് വൈദ്യുതി ഉല്പാദിപ്പിക്കുന്ന നവീന രീതിയിലുള്ള 20kW vortex ടർബൈൻ ഉപയോഗിച്ചുള്ള ഒരു പൈലറ്റ് മൈക്രോ ജലവൈദ്യുത പദ്ധതി തിരുവനന്തപുരത്ത് കാട്ടുവെട്ടിയിൽ നിർമ്മിയ്ക്കാനുള്ള ടെണ്ടർ നടപടികൾ പൂർത്തിയായി വരുന്നു.

ഈച്ചാം പെട്ടിയിൽ (മറയൂറിനടുത്തുള്ള) ആദിവാസി കോളനി വൈദ്യുതീകരിക്കുന്നതിനുള്ള മൈക്രോ ജലവൈദ്യുത പദ്ധതി അടുത്ത മൂന്നുമാസത്തിനുള്ളിൽ കമ്മീഷൻ ചെയ്യും.

അനെർട്ട് മുഖേന 2016-17 വർഷത്തെ പദ്ധതിയുടെ ഭാഗമായി 2 കിലോവാട്ട് മുതൽ 100 കിലോവാട്ട് വരെ ശേഷിയുള്ള ശൃംഖലാബന്ധിത സോളാർ പവ്വർ പ്ലാന്റുകൾ (ആകെ ശേഷി – 5000 കിലോവാട്ട്) കേന്ദ്ര-സംസ്ഥാന സർക്കാർ സബ്സിഡിയോടെ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും സ്ഥാപിച്ചു നൽകാനും, 1 കിലോവാട്ട് മുതൽ 5 കിലോവാട്ട് വരെ ശേഷിയുള്ള ഓഫ് ഗ്രിഡ് സോളാർ പവ്വർ പ്ലാന്റുകൾ (ആകെ ശേഷി – 6400 കിലോവാട്ട്) കേന്ദ്ര-സംസ്ഥാന സർക്കാർ സബ്സിഡിയോടെ സ്ഥാപിച്ചു നൽകാനുമുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു. കൂടാതെ ഇടുക്കി, പാലക്കാട്, വയനാട് ജില്ലകളിലെ ഒറ്റപ്പെട്ട, വിദൂരസ്ഥലങ്ങളായ 2000 വീടുകളിൽ സോളാർ വൈദ്യുതീകരണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. പാലക്കാട് കഴൽമന്ദത്ത് 2 മെഗാവാട്ടിന്റെ ശൃംഖലാബന്ധിത സൗരോർജ്ജ പവ്വർ പ്ലാന്റ് സ്ഥാപിച്ച് വൈദ്യുതി കെ.എസ്.ഇ.ബി. ഗ്രിഡിലേക്ക് നൽകി വരുന്നു. 2017-18 സാമ്പത്തിക വർഷം അനെർട്ട് മുഖേന സോളാർ

| | | | |
|---|---|---|---|
| | | | ഫോട്ടോവോൾട്ടായിക് – സോളാർ വിന്റ് ഹൈബ്രിഡ് പവ്വർ പ്ലാന്റുകൾ (1 മെഗാവാട്ട് മുതൽ 3 മെഗാവാട്ട് വരെ ശേഷിയുള്ളവ) സ്ഥാപിക്കുന്നതിനായി 17.35 കോടി രൂപയുടെ പദ്ധതിയുണ്ട്. കൂടാതെ 1.4 മെഗാവാട്ട് ആകെ ശേഷിയുള്ള ശൃംഖലാബന്ധിത സോളാർ പവ്വർ പ്ലാന്റുകൾ സർക്കാർ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ സ്ഥാപിക്കുന്നതിനും 10.50 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.<br><br>2017-18 വർഷത്തെ പദ്ധതിപ്രകാരം ആകെ 4.4 മെഗാവാട്ട് ശേഷിയുള്ള സോളാർ പവ്വർ പ്ലാന്റുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു. അതോടൊപ്പം പൊതുജന ബോധവത്ക്കരണത്തിലൂടെ റൂഫ് ടോപ്പ് പവ്വർ പ്ലാന്റുകൾ പ്രോത്സാഹിപ്പിക്കുവാനും ഉദ്ദേശിക്കുന്നു. |
| (സി) | പദ്ധതികൾ നടപ്പിലാക്കുന്നതിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടു ണ്ടെന്ന് വ്യക്തമാക്കുമോ? | (സി) | സ്കാഡ, ഫേസ്-2 ഐ ടി എന്നീ പദ്ധതികൾക്കു വേണ്ടി ഏതാണ്ട് 100 കോടി രൂപ കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുണ്ട്. ബാക്കി പദ്ധതികൾ എല്ലാം കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ ഫണ്ടുപയോഗിച്ച് നടപ്പിലാക്കുകയും തൽസമയം തന്നെ ഫണ്ട് ലഭ്യതക്കുവേണ്ടി മറ്റു മാർഗ്ഗം തേടുകയും ചെയ്യുന്നു.<br><br>ഏകദേശം 30 ഓളം സബ് സ്റ്റേഷനുകൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ശേഷിക്കുന്ന സബ് സ്റ്റേഷനുകളുടെ ഭരണാനുമതി നൽകുന്നതിനുള്ള നടപടി എടുത്തു വരുന്നു. ഇവയുടെ നിർമ്മാണത്തിനാവശ്യമായ സാധന സാമഗ്രികൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>(i) പാരമ്പര്യേതര ഊർജ്ജ ഉത്പാദനം ത്വരിതപ്പെടുത്തുന്നതിനായി കേരള സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ ചീഫ് എൻജിനീയറുടെ നേതൃത്വത്തിൽ റിന്യൂവബിൾ എനർജി ആന്റ് എനർജി സേവിംഗ്സ് എന്ന വിഭാഗം രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു.<br>(ii) കെ.എസ്.ഇ.ബി.എൽ - ന്റെ ഫണ്ടും കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സാമ്പത്തിക സഹായവും ലഭ്യമാക്കി വിവിധ പാരമ്പര്യേതര ഊർജ്ജ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി |

| | | | |
|---|---|---|---|
| | | | വരുന്നു.<br><br>എനർജി മാനേജ്മെന്റ് സെന്റർ മുഖേനയുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനുവേണ്ടി ഭരണാനുമതി നൽകിയ പദ്ധതികൾക്കായുള്ള ഇ-ടെണ്ടർ നടപടികൾ അവസാനഘട്ടത്തിലാണ്.<br>അനെർട്ട് മുഖേനയുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകുന്നതിനുള്ള പ്രൊപ്പോസലുകൾ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

## കെ.എസ്.ഇ.ബി.എൽ പൂർത്തീകരിച്ച സൗരോർജ്ജ പദ്ധതികൾ

| നം. | പദ്ധതിയുടെ പേര് | സ്ഥാപിത ശേഷി (മെഗാ വാട്ട്) | പൂർത്തീകരിച്ച തീയതി |
|---|---|---|---|
| 1 | കഞ്ചിക്കോട് (ഗ്രൗണ്ട് മൗണ്ടഡ്) | 1.00 | 20.08.2015 |
| 2 | ചാലയൂർ ആദിവാസി കോളനിയിലെ വീടുകളുടെ മേൽക്കൂരയിൽ | 0.096 | 31.08.2015 |
| 3 | പൊരിങ്ങൽകുത്ത് പവർഹൗസിന്റെ മേൽക്കൂരയിൽ | 0.050 | 10.09.2015 |
| 4 | ഫ്ലോട്ടിംഗ് സോളാർ - ബാണാസുരസാഗർ റിസർവോയറിൽ | 0.010 | 21.01.2016 |
| 5 | ബാണാസുരസാഗർ റിസർവോയറിൽ പരിസരത്തുള്ള സോളാർ ട്രീ, സോളാർ ഫൗണ്ടൻ, സോളാർ ഫ്ലവർ, സോളാർ ക്യാനപ്പി | 0.003372 | 21.01.2016 |
| 6 | കൊല്ലങ്കോട് സബ് സ്റ്റേഷൻ പരിസരത്ത് | 1.00 | 08.08.2016 |
| 7 | പടിഞ്ഞാറത്തറ ഡാമിനു മുകളിൽ | 0.44 | 29.08.2016 |
| 8 | ഇടയാർ സബ് സ്റ്റേഷൻ സെക്ഷൻ & ഓഫിസ് പരിസരത്ത് | 1.25 | 05.09.2016 |
| 9 | ജനറേഷൻ റൂഫ് ടോപ്പ് പദ്ധതി 17 എണ്ണം | 0.7 | |
| 10 | പാലക്കാട് 5 ആദിവാസി കോളനി (ഡി.ഡി.ജി) | 0.047 | 30.11.2016 |
| 11 | ബാരാപോൾ കനാൽ ബാങ്ക് ഗ്രിഡ് കണക്ട് കനാൽ ബാങ്ക് | 1.00 | 07.11.2016 |
| 12 | പാലക്കാട് 2 ആദിവാസി കോളനികൾ (ഡി.ഡി.ജി) | 0.018 | 30.11.2016 |
| 13 | ബാരാപോൾ കനാൽ ടോപ്പ് ഗ്രിഡ് കണക്ട് കനാൽ ടോപ്പ് | 3.00 | 17.11.2016 |
| 14 | തലക്കുളത്തൂർ, കോഴിക്കോട് | 0.65 | 22.04.2016 |
| 15 | കെ.എസ്.ഇ.ബി ട്രാൻസ്മിഷൻ വിഭാഗത്തിലെ അനുയോജ്യമായ കെട്ടിടങ്ങളുടെ മുകളിൽ (27 നം) | 0.91 | |

| | | | |
|---|---|---|---|
| | കെ.എസ്.ഇ.ബി ഡിസ്ട്രിബ്യൂഷൻ വിഭാഗത്തിലെ അനുയോജ്യമായ കെട്ടിടങ്ങളുടെ മുകളിൽ (12 നം) | 0.46 | |
| 17 | തിരുവനന്തപുരം വൈദ്യുതി ഭവനത്തിൻെറ മുകളിൽ | 0.03 | |
| | **ആകെ** | **10.664372** | |

# നിർമ്മാണം നടക്കുന്ന സൗരോർജ്ജ പദ്ധതികൾ

| നം. | പദ്ധതിയുടെ പേര് | സ്ഥാപിത ശേഷി (മെഗാ വാട്ട്) | ഇപ്പോഴത്തെ നിലവാരം | കരാർ തുക (ലക്ഷം) |
|---|---|---|---|---|
| 1 | പാലക്കാട് 4 ആദിവാസി കോളനികൾ പണി പൂർത്തീകരിച്ചു. 1 എണ്ണം നടന്നു വരുന്നു. (ഡി.ഡി.ജി) | 0.01 | 0.037 മെഗാവാട്ടിന്റെ 4 കോളനികൾ പൂർത്തീകരിച്ചു | 108.39 |
| 2 | പോത്തൻകോട് സബ് സ്റ്റേഷൻ പരിസരത്ത് | 2.00 | നിർമ്മാണം പുരോഗമിക്കുന്നു | 1179 |
| 3 | ബാണാസുരസാഗർ റിസർവൊയർ/ കക്കയം ഗ്രിഡ് കണക്ട് ഫ്ലോട്ടിംഗ് | 0.50 | നിർമ്മാണം പുരോഗമിക്കുന്നു | 924.5 |
| 4 | പീരുമേട്, ഇടുക്കി | 0.50 | വർക്ക് ഓർഡർ നൽകി | 360.35 |
| 5 | ഏറ്റുമാനൂർ, കോട്ടയം | 1.00 | നിർമ്മാണം പുരോഗമിക്കുന്നു | 668.72 |
| 6 | നെന്മാറ | 1.5 | വർക്ക് ഓർഡർ നൽകി | 969 |
| 7 | പേഴയ്ക്കാപ്പള്ളി-മൂവാറ്റുപുഴ, എറണാകുളം | 1.25 | നിർമ്മാണം പുരോഗമിക്കുന്നു | 772 |
| 8 | മഞ്ചേശ്വരം കാസർഗോഡ് | 0.50 | വർക്ക് ഓർഡർ നൽകി | 369.3 |
| 9 | പൊന്നാനി, മലപ്പുറം | 0.50 | നിർമ്മാണം ആരംഭിച്ചു | 353.9052 |
| 10 | കുറ്റിപ്പുറം | 0.50 | വർക്ക് ഓർഡർ നൽകി | 345.94 |
| | **ആകെ** | **8.26** | | |

## ടെൻഡർ ഘട്ടത്തിലുള്ള സൗരോർജ്ജ പദ്ധതികൾ

| നം. | പദ്ധതിയുടെ പേര് | സ്ഥാപിത ശേഷി (മെഗാ വാട്ട്) | പി.എ.സി |
|---|---|---|---|
| 1 | കൊട്ടിയം, കൊല്ലം | 0.60 | 375 |
| 2 | മയിലാട്ടി, കാസർഗോഡ് | 1.00 | 625.85 |
| 3 | മാടക്കത്തറ & ചൂളിശ്ശേരി, തൃശ്ശൂർ | 1.50 | 962 |
| 4 | കെ.എസ്.ഇ.ബി.എൽ ന്റെ അധീനതയിലുള്ള വിഭാഗത്തിലെ അനുയോജ്യമായ കെട്ടിടങ്ങളുടെ മുകളിൽ | 1.12 | 784 |
| 5 | പെരുംതേനരുവി, പത്തനംതിട്ട | 0.45 | 356.6 |
| 6 | 8 സ്കൂൾ കെട്ടിടങ്ങളുടെ മേൽക്കൂരയിൽ (ലാഭപ്രഭ സ്കീം പ്രകാരം) | 0.04 | 32 |
| | ആകെ | 4.71 | |

## കാറ്റിൽ നിന്നുള്ള പദ്ധതികൾ

### A. നിലവിലുള്ളവ

| നം. | പദ്ധതി | സ്ഥാപിത ശേഷി (മെഗാ വാട്ട്) | ഉടമസ്ഥൻ |
|---|---|---|---|
| 1 | കഞ്ചിക്കോട് | 2.025 (9 x 0.225) | കെ.എസ്.ഇ.ബി.എൽ |
| 2 | രാമക്കൽമേട് | 14.25 (19 x 0.750) | പ്രൈവറ്റ് |
| 3 | അഗളി | 18.60 (31 x 0.600) | പ്രൈവറ്റ് |
| 4 | കഞ്ചിക്കോട് | 8.40 (4 x 21) | പ്രൈവറ്റ് |

### B. നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ

| നം. | പദ്ധതി | സ്ഥാപിത ശേഷി (മെഗാ വാട്ട്) | ഉടമസ്ഥൻ | നിലവിലെ സ്ഥിതി |
|---|---|---|---|---|
| 1 | മൈക്രോവിൻഡ്, പൂവാർ | 1.00 | കെ.എസ്.ഇ.ബി എൽ | ടെൻഡർ നടപടികൾ ചെയ്യാൻ വേണ്ട നടപടിക്രമങ്ങൾ പുരോഗമിക്കുന്നു |
| 2 | കഞ്ചിക്കോട് | സ്ഥാപിത ശേഷി 5.125 വർദ്ധിക്കും | കെ.എസ്.ഇ.ബി എൽ | നിലവിലുള്ള 0.225 MW ന്റെ 9 മെഷീനുകളിൽ 4 എണ്ണം നിലനിറുത്തുകയും 5 എണ്ണം മാറ്റി പകരം 0.85 MW x3 0.60 MW x2 എന്നിവ സ്ഥാപിക്കുകയും 2.5 MW x1 പുതിയ മെഷീൻ സ്ഥാപിക്കുകയും ചെയ്യുന്ന പദ്ധതി |

അനുബന്ധം ~~[illegible]~~

## കെ.എസ്.ഇ.ബി.എൽ പൂർത്തീകരിച്ച സൗരോർജ്ജ പദ്ധതികൾ

| നം. | പദ്ധതിയുടെ പേര് | സ്ഥാപിത ശേഷി (മെഗാ വാട്ട്) | പൂർത്തീകരിച്ച തീയതി |
|---|---|---|---|
| 1 | കഞ്ചിക്കോട് (ഗ്രൗണ്ട് മൗണ്ടഡ്) | 1.00 | 20.08.2015 |
| 2 | ചാലയൂർ ആദിവാസി കോളനിയിലെ വീടുകളുടെ മേൽക്കൂരയിൽ | 0.096 | 31.08.2015 |
| 3 | പൊരിങ്ങൽകുത്ത് പവർഹൗസിന്റെ മേൽക്കൂരയിൽ | 0.050 | 10.09.2015 |
| 4 | ഫ്ലോട്ടിംഗ് സോളാർ - ബാണാസുരസാഗർ റിസർവോയറിൽ | 0.010 | 21.01.2016 |
| 5 | ബാണാസുരസാഗർ റിസർവോയറിൽ പരിസരത്തുള്ള സോളാർ ട്രീ, സോളാർ ഫൗണ്ടൻ, സോളാർ ഫ്ലവർ, സോളാർ ക്യാനപ്പി | 0.003372 | 21.01.2016 |
| 6 | കൊല്ലങ്കോട് സബ് സ്റ്റേഷൻ പരിസരത്ത് | 1.00 | 08.08.2016 |
| 7 | പടിഞ്ഞാറത്തറ ഡാമിനു മുകളിൽ | 0.44 | 29.08.2016 |
| 8 | ഇടയാർ സബ് സ്റ്റേഷൻ സെക്ഷൻ & ഓഫിസ് പരിസരത്ത് | 1.25 | 05.09.2016 |
| 9 | ജനറേഷൻ റൂഫ് ടോപ്പ് പദ്ധതി 17 എണ്ണം | 0.7 | |
| 10 | പാലക്കാട് 5 ആദിവാസി കോളനി (ഡി.ഡി.ജി) | 0.047 | 30.11.2016 |
| 11 | ബാരാപോൾ കനാൽ ബാങ്ക് ഗ്രിഡ് കണക്ട് കനാൽ ബാങ്ക് | 1.00 | 07.11.2016 |
| 12 | പാലക്കാട് 2 ആദിവാസി കോളനികൾ (ഡി.ഡി.ജി) | 0.018 | 30.11.2016 |
| 13 | ബാരാപോൾ കനാൽ ടോപ്പ് ഗ്രിഡ് കണക്ട് കനാൽ ടോപ്പ് | 3.00 | 17.11.2016 |
| 14 | തലക്കുളത്തൂർ, കോഴിക്കോട് | 0.65 | 22.04.2016 |
| 15 | കെ.എസ്.ഇ.ബി ട്രാൻസ്മിഷൻ വിഭാഗത്തിലെ അനുയോജ്യമായ കെട്ടിടങ്ങളുടെ മുകളിൽ (27 നം) | 0.91 | |

| | | | |
|---|---|---|---|
| | കെ.എസ്.ഇ.ബി ഡിസ്ട്രിബ്യൂഷൻ വിഭാഗത്തിലെ അനുയോജ്യമായ കെട്ടിടങ്ങളുടെ മുകളിൽ (12 നം) | 0.46 | |
| 17 | തിരുവനന്തപുരം വൈദ്യുതി ഭവനത്തിന്റെ മുകളിൽ | 0.03 | |
| | **ആകെ** | **10.664372** | |

## നിർമ്മാണം നടക്കുന്ന സൗരോർജ്ജ പദ്ധതികൾ

| നം. | പദ്ധതിയുടെ പേര് | സ്ഥാപിത ശേഷി (മെഗാ വാട്ട്) | ഇപ്പോഴത്തെ നിലവാരം | കരാർ തുക (ലക്ഷം) |
|---|---|---|---|---|
| 1 | പാലക്കാട് 4 ആദിവാസി കോളനികൾ പണി പൂർത്തീകരിച്ചു. 1 എണ്ണം നടന്നു വരുന്നു. (ഡി.ഡി.ജി) | 0.01 | 0.037 മെഗാവാട്ടിന്റെ 4 കോളനികൾ പൂർത്തീകരിച്ചു | 108.39 |
| 2 | പോത്തൻകോട് സബ് സ്റ്റേഷൻ പരിസരത്ത് | 2.00 | നിർമ്മാണം പുരോഗമിക്കുന്നു | 1179 |
| 3 | ബാണാസുരസാഗർ റിസർവൊയർ/ കക്കയം ഗ്രിഡ് കണക്റ്റ് ഫ്ലോട്ടിംഗ് | 0.50 | നിർമ്മാണം പുരോഗമിക്കുന്നു | 924.5 |
| 4 | പീരുമേട്, ഇടുക്കി | 0.50 | വർക്ക് ഓർഡർ നൽകി | 360.35 |
| 5 | ഏറ്റുമാനൂർ, കോട്ടയം | 1.00 | നിർമ്മാണം പുരോഗമിക്കുന്നു | 668.72 |
| 6 | നെന്മാറ | 1.5 | വർക്ക് ഓർഡർ നൽകി | 969 |
| 7 | പേഴയ്ക്കാപ്പള്ളി-മൂവാറ്റുപുഴ, എറണാകുളം | 1.25 | നിർമ്മാണം പുരോഗമിക്കുന്നു | 772 |
| 8 | മഞ്ചേശ്വരം കാസർഗോഡ് | 0.50 | വർക്ക് ഓർഡർ നൽകി | 369.3 |
| 9 | പൊന്നാനി, മലപ്പുറം | 0.50 | നിർമ്മാണം ആരംഭിച്ചു | 353.9052 |
| 10 | കുറ്റിപ്പുറം | 0.50 | വർക്ക് ഓർഡർ നൽകി | 345.94 |
| | **ആകെ** | **8.26** | | |

## ടെൻഡർ ഘട്ടത്തിലുള്ള സൗരോർജ്ജ പദ്ധതികൾ

| നം. | പദ്ധതിയുടെ പേര് | സ്ഥാപിത ശേഷി (മെഗാ വാട്ട്) | പി.എ.സി |
|---|---|---|---|
| 1 | കൊട്ടിയം, കൊല്ലം | 0.60 | 375 |
| 2 | മയിലാട്ടി, കാസർഗോഡ് | 1.00 | 625.85 |
| 3 | മാടക്കത്തറ & ചൂളിശ്ശേരി, തൃശ്ശൂർ | 1.50 | 962 |
| 4 | കെ.എസ്.ഇ.ബി.എൽ ന്റെ അധീനതയിലുള്ള വിഭാഗത്തിലെ അനുയോജ്യമായ കെട്ടിടങ്ങളുടെ മുകളിൽ | 1.12 | 784 |
| 5 | പെരുംതേനരുവി, പത്തനംതിട്ട | 0.45 | 356.6 |
| 6 | 8 സ്കൂൾ കെട്ടിടങ്ങളുടെ മേൽക്കൂരയിൽ (ലാഭപ്രദ സ്കീം പ്രകാരം) | 0.04 | 32 |
| | ആകെ | 4.71 | |

[illegible]

## കാറ്റിൽ നിന്നുള്ള പദ്ധതികൾ

### A. നിലവിലുള്ളവ

| നം. | പദ്ധതി | സ്ഥാപിത ശേഷി (മെഗാ വാട്ട്) | ഉടമസ്ഥൻ |
|---|---|---|---|
| 1 | കഞ്ചിക്കോട് | 2.025 (9 x 0.225) | കെ.എസ്.ഇ.ബി.എൽ |
| 2 | രാമക്കൽമേട് | 14.25 (19 x 0.750) | പ്രൈവറ്റ് |
| 3 | അഗളി | 18.60 (31 x 0.600) | പ്രൈവറ്റ് |
| 4 | കഞ്ചിക്കോട് | 8.40 (4 x 21) | പ്രൈവറ്റ് |

### B. നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ

| നം. | പദ്ധതി | സ്ഥാപിത ശേഷി (മെഗാ വാട്ട്) | ഉടമസ്ഥൻ | നിലവിലെ സ്ഥിതി |
|---|---|---|---|---|
| 1 | മൈക്രോവിൻഡ്, പൂവാർ | 1.00 | കെ.എസ്.ഇ.ബി എൽ | ടെൻഡർ നടപടികൾ ചെയ്യാൻ വേണ്ട നടപടിക്രമങ്ങൾ പുരോഗമിക്കുന്നു |
| 2 | കഞ്ചിക്കോട് | സ്ഥാപിത ശേഷി 5.125 വർദ്ധിക്കും | കെ.എസ്.ഇ.ബി എൽ | നിലവിലുള്ള 0.225 MW ന്റെ 9 മെഷീനുകളിൽ 4 എണ്ണം നിലനിറുത്തുകയും 5 എണ്ണം മാറ്റി പകരം 0.85 MW x3 0.60 MW x2 എന്നിവ സ്ഥാപിക്കുകയും 2.5 MW x1 പുതിയ മെഷീൻ സ്ഥാപിക്കുകയും ചെയ്യുന്ന പദ്ധതി |